**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** — **02-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിന് ഏൽപ്പിച്ചുനൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | RDSS-ന്റെ ഭാഗമായ സ്മാർട്ട് മീറ്റർ പദ്ധതിയുടെ ആദ്യ ഘട്ട പദ്ധതി നടത്തിപ്പിനായി നാമനിർദ്ദേശ പ്രകാരം കേന്ദ്ര പൊതു മേഖല സ്ഥാപനമായ RECPDCL നെ KSEBL പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി നിയമിച്ചിരുന്നുവെങ്കിലും PIA യുടെ ആവശ്യകത സംബന്ധിച്ച വിഷയം പുനഃപരിശോധനയിലാണ്. PIA നിയമനത്തിന് KSEBL സ്വീകരിച്ച നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു.<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പ്രോജക്റ്റ് നടപ്പിലാക്കുന്ന ഏജൻസിയായി, നോമിനേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്ന-തിനുള്ള കേന്ദ്ര അനുമതി അനുസരിച്ച് RECPDCL, PFCCL, PGCIL എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഓഫർ വാങ്ങിയിരുന്നു.<br><br>അതിൽ PGCIL എന്ന സ്ഥാപനത്തിന്റെ ഓഫർ സാങ്കേതിക സവിശേഷതകൾ (Technical Specification) പൊരുത്തപ്പെടാതിരുന്നതിനാൽ നിരസിച്ചു.<br><br>പിന്നീട് PFC കേരളത്തിന്റെ നോഡൽ ഏജൻസി ആയതിനാൽ PFCCL ന്റെ ഓഫറും Conflict of interest മൂലം നിരസിക്കേണ്ടി വന്നു.<br><br>PIA യുമായി KSEBL കരാർ ഒപ്പിടാത്തതിനാൽ സേവനങ്ങൾ നിശ്ചയിച്ചു നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥാപനവുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി RECPDCL നു നിയമന ഉത്തരവ് നൽകിയെങ്കിലും ഇതുവരെ KSEBL കരാർ ഒപ്പിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ